ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:11.08.2024**

## പ്രധാനവാർത്തകൾ

1. **രാജ്യത്തെ കർഷകരുടെ ശാക്തീകരണത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അത്യുൽപ്പാദനശേഷിയുള്ള 109 പുതിയ വിളകൾ പ്രധാനമന്ത്രി പുറത്തിറക്കി.**

2. **പാരീസ് ഒളിമ്പിക്സിന് തിരശ്ശീല വീഴാൻ ഇനി മണിക്കൂറുകൾ മാത്രം 2028-ലെ ഒളിമ്പിക്സിന് ലോസ് ഏഞ്ചൽസ് വേദിയാകും.**

3. **ഉരുൾപൊട്ടൽ നാശം വിതച്ച കോഴിക്കോട് ജില്ലയിലെ വിലങ്ങാടിനായി സമഗ്ര പുനരധിവാസം ആസൂത്രണം ചെയ്യുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. നാലംഗ വിദഗ്ധസംഘം നാളെയെത്തും.**

4. **വയനാട്ടിലെ മുണ്ടക്കൈയിൽ കനത്ത മഴയെത്തുടർന്ന് ഇന്നത്തെ ജനകീയ തിരച്ചിൽ അവസാനിപ്പിച്ചു.**

5. **നെല്ല് സംഭരണത്തിനായി സിവിൽ സപ്ലൈസ് കോർപറേഷന് 50 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.**

========================================

RNU TVPM

**പ്രധാനമന്ത്രി- കാർഷിക വിള**

രാജ്യത്തെ കർഷകരുടെ ശാക്തീകരണത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ഇന്ത്യ കാർഷിക ഗവേഷണ സ്ഥാപനത്തിൽ അത്യുൽപ്പാദനശേഷിയുള്ള 109 പുതിയ വിളകൾ പുറത്തിറക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ വിളകൾ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കും. രാജ്യത്തെ കർഷകർ പ്രകൃതി സൗഹൃദ കൃഷി രീതികളിലേക്ക് മാറുന്നതിൽ അദ്ദേഹം സംതൃപ്തി പ്രകടിപ്പിച്ചു. കർഷകരുമായും ശാസ്ത്രജ്ഞരുമായും പ്രധാനമന്ത്രി സംവദിച്ചു. 61 വിളകളുടെ 109 ഇനങ്ങളിൽ 34 വയൽ വിളകളും 27 പഴം - പച്ചക്കറി വിളകളും ഉൾപ്പെടുന്നു.

=========================================

**ഓൺലൈൻ യോഗം**

ഉരുൾപൊട്ടൽ കനത്ത നാശം വിതച്ച കോഴിക്കോട് ജില്ലയിലെ വിലങ്ങാടിനായി സമഗ്രമായ പുനരധിവാസം ആസൂത്രണം ചെയ്യുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. അതുവരെ വാടക വീട് ഉൾപ്പെടെയുള്ള താൽക്കാലിക പുനരധിവാസ പ്രവർത്തന ങ്ങളുമായി മുന്നോട്ടു പോകുമെന്ന് ഓൺലൈൻ യോഗത്തിൽ അദ്ദേഹം അറിയിച്ചു. ഉരുൾപൊട്ടലിലെ കൃത്യമായ നാശനഷ്ടം, വാസയോഗ്യമല്ലാത്ത വീടുകൾ തുടങ്ങിയവ സംബന്ധിച്ച കണക്ക് ഈ മാസം 17 -ന് മുമ്പ് നൽകാൻ ജില്ലാ കലക്ടർക്ക് നിർദേശം നൽകിയതായും ശ്രീ മുഹമ്മദ് റിയാസ് അറിയിച്ചു.

=========================================

**വിദഗ്ധസംഘം - വിലങ്ങാട്**

ഉരുൾപൊട്ടൽ ദുരന്തത്തെക്കുറിച്ച് സമഗ്രമായി പഠിക്കാൻ നാലംഗ വിദഗ്ധ സംഘം നാളെ വിലങ്ങാട് എത്തുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. പ്രദേശത്ത് ഡ്രോൺ പരിശോധന തുടങ്ങി കഴിഞ്ഞു. മേഖലയിലെ ഉരുൾപൊട്ടൽ

RNUTVPM

സാധ്യതാ കേന്ദ്രങ്ങൾ അറിഞ്ഞ ശേഷമാകും പുനരധിവാസം സംബന്ധിച്ച് റിപ്പോർട്ട് നൽകുകയെന്ന് ജില്ല കളക്ടർ അറിയിച്ചു.

=====================================

**വയനാട് (ഇൻട്രോ)**

ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിലെ മുണ്ടക്കൈയിൽ ഇന്നത്തെ ജനകീയ തിരച്ചിൽ അവസാനിപ്പിച്ചു. മഴ തുടരുന്ന സാഹചര്യത്തിലാണ് തീരുമാനം. തിരച്ചിലിൽ ഇന്നും ശരീരഭാഗങ്ങൾ കണ്ടെത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ല പ്രതിനിധി അരുൺ വിൻസെൻറ് ......**

**(വോയിസ്............ )**

=====================================

**പ്രത്യേക ക്യാമ്പ്**

പ്രകൃതി ദുരന്തം സംഭവിച്ച മേപ്പാടി പഞ്ചായത്തിലെ മുണ്ടക്കൈ, ചൂരൽമല, മേപ്പാടി നിവാസികളുടെ നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കുന്നതിന് നാളെ പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കും. ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശാനുസരണം ജില്ലാ ഭരണ കൂടത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ക്യാമ്പ് മേപ്പാടി ഗവ. ഹൈസ്കൂൾ, സെന്റ് ജോസഫ് യു.പി സ്കൂൾ, മൗണ്ട് താബോർ ഹൈസ്കൂൾ എന്നിവിടങ്ങളിൽ നടക്കും.

=====================================

**കാലാവസ്ഥ**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ അടുത്ത അഞ്ച് ദിവസം ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വിവിധ ജില്ലകളിൽ ഓറഞ്ച്, മഞ്ഞ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. ഇന്ന് പാലക്കാട്, മലപ്പുറം ജില്ലകളിൽ തീവ്രമഴയ്ക്ക് സാധ്യതയെന്ന് മുന്നറിയിപ്പുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം,

RNU TVPM

ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. അതേസമയം, തെക്കൻ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഈ ദിവസങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. ശക്തമായ മഴ പെയ്യുന്ന പ്രദേശങ്ങളിൽ ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കണമെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

========================================

**<u>മഴ മലപ്പുറം</u>**

മലപ്പുറം ജില്ലയിലെ മലയോര മേഖലയായ കരുവാരക്കുണ്ടിൽ കനത്ത മഴയ്ക്ക് പിന്നാലെ ഇന്ന് മലവെള്ളപ്പാച്ചിൽ ഉണ്ടായി. ഒലിപ്പുഴയിലും, കല്ലൻ പുഴയിലും സമീപത്തെ തോടുകളിലുമാണ് വലിയ കുത്തൊഴുക്ക് ഉണ്ടായത്. പ്രദേശത്ത് ശക്തമായ മഴയാണ് ലഭിക്കുന്നത്.

RNU TVPM

========================================

**<u>ദേവികുളം ഗ്യാപ് റോഡ്</u>**

മണ്ണിടിച്ചിലുണ്ടായ ദേവികുളം ഗ്യാപ്പ് റോഡിൽ ഗതാഗതം പൂർണ്ണതോതിൽ പുനസ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കല്ല് പൊട്ടിച്ച് നീക്കി തുടങ്ങിയതോടെ ഗ്യാപ്പ് റോഡിലൂടെ ഒറ്റവരിയായി വാഹനങ്ങൾ കടന്നു പോയി തുടങ്ങി. പാതയോരത്തു നിന്നും വലിയ തോതിൽ കല്ലും മണ്ണും റോഡിലേക്കിടിഞ്ഞെത്തിയായിരുന്നു ഗതാഗത തടസ്സമുണ്ടായത്.

========================================

## അരുവിക്കര ഡാം

തിരുവനന്തപുരത്ത് അരുവിക്കര ഡാമിന്റെ ഷട്ടറുകൾ ഇന്ന് രാത്രി 8 മണിക്കൂർ 50 സെൻറീമീറ്റർ കൂടി ഉയർത്തുമെന്നും സമീപവാസികൾ ജാഗ്രത പാലിയ്ക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

==========================================

## പാരീസ് ഒളിമ്പിക്സ്

മൂന്നാഴ്ച നീണ്ട കായിക മാമാങ്കത്തിന് ഇന്ന് പാരീസിൽ തിരശ്ശീല വീഴും. 33-ാമത് ഒളിമ്പിക്സ് ഇന്ന് അർധരാത്രി നടക്കുന്ന പ്രൗഢോജ്വല ചടങ്ങോടെ സമാപിക്കും. പ്രമുഖ അഭിനേതാക്കളുടെയും കലാകാരന്മാരുടെയും നിരവധി കലാപ്രകടനങ്ങൾ ഉൾപ്പെടുന്ന സമാപന ചടങ്ങിന് 'റെക്കോർഡ്സ്' എന്നാണ് പേര് നൽകിയിരിക്കുന്നത്. ചടങ്ങിൽ 2028-ൽ അടുത്ത ഒളിമ്പിക്സിന് വേദിയാവുന്ന ലോസ് ഏഞ്ചൽസിന് ഒളിമ്പിക് പതാക കൈമാറും. പാരീസ് ഒളിമ്പിക്സിൽ ഒരു വെള്ളിയും അഞ്ച് വെങ്കലവുമായി 71-ാമതാണ് ഇന്ത്യയുടെ സ്ഥാനം. ഇന്ത്യയുടെ മെഡൽ നേട്ടത്തിന് തുടക്കമിട്ട മനുഭാക്കറും ഹോക്കി താരം പി ആർ ശ്രീജേഷും സമാപനചടങ്ങിൽ ഇന്ത്യൻ പതാകയേന്തും.

RNU TVPM

==========================================

## നെല്ല് സംഭരണം

നെല്ല് സംഭരണത്തിനായി സിവിൽ സപ്ലൈസ് കോർപറേഷന് 50 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. നെല്ല് സംഭരണത്തിനുള്ള കേന്ദ്ര സർക്കാർ വിഹിതത്തിൽ, 207 കോടി രുപ കുടിശിക നിലനിൽക്കുന്ന സാഹചര്യത്തിലാണ്, നിലവിലെ സീസണിലെ നെല്ലിന്റെ വില

കർഷകർക്ക് നൽകാൻ തുക അനുവദിച്ചതെന്ന് മന്ത്രി പറഞ്ഞു. നെല്ല് സംഭരിക്കുമ്പോൾ തന്നെ കർഷകർക്ക് വില നൽകുന്നതും സംസ്ഥാന സബ്സിഡി ഉൾപ്പടെ നെല്ലിന് ഉയർന്ന തുക ലഭ്യമാക്കുന്നതും കേരളത്തിലാണെന്നും ധനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

=========================================

**<u>ശബരിമല</u>**

നിറപുത്തരി പൂജക്കായി ശബരിമല തുറന്നു. ഇരുമുടിക്കെട്ടിനൊപ്പം പൂജയ്ക്കുള്ള നെൽക്കതിരുകളുമായി ധാരാളം തീർഥാടകരാണ് സന്നിധാനത്തെത്തുന്നത്. നാളെ പുലർച്ചെ 5.45-നും 6.30-നും ഇടയിലാണ് നിറപുത്തരി പൂജകൾ നടക്കുക.

=========================================

**<u>നവജാത ശിശുമരണം</u>**

ആലപ്പുഴയിൽ നവജാത ശിശുവിനെ കുഴിച്ചുമൂടിയെന്ന കേസിൽ കുഞ്ഞിൻറെ മൃതദേഹം കണ്ടെത്തി. സംഭവത്തിൽ 2 പേർ പോലീസ് കസ്റ്റഡിയിൽ ആണ്.

=========================================

**<u>കായകൽപ്പ് അവാർഡ്</u>**

2023-24 വർഷത്തിലെ സംസ്ഥാന കായകൽപ്പ് അവാർഡ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ ശുചിത്വം, മാലിന്യ സംസ്കരണം, അണുബാധ നിയന്ത്രണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് കായകൽപ്പ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. ജില്ലാതല ആശുപത്രികളിൽ പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഒന്നാം സ്ഥാനത്തിന് അർഹരായി.

=========================================

RNU TVPM

**വഖഫ്-യോഗം**

വഖഫ് നിയമ ഭേദഗതി ബിൽ സംബന്ധിച്ച വിശദ ചർച്ചയ്ക്കായി സംസ്ഥാന വഖഫ് ബോർഡിന്റെ യോഗം നാളെ കോഴിക്കോട് ഡിവിഷണൽ ഓഫീസിൽ ചേരും. വഖഫ് ബോർഡ് ചെയർമാൻ എം കെ സക്കീർ ഉൾപ്പടെയുള്ളവർ യോഗത്തിൽ സംബന്ധിക്കും

=========================================

**ലക്ഷദ്വീപ് - തിരംഗ**

ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും ഹർഘർ തിരംഗാ പ്രചാരണ പരിപാടികൾ ആരംഭിച്ചു. കവരത്തി ദ്വീപിൽ ആരംഭിച്ച തിരംഗാ മാരത്തോൺ റൺ കളക്ടർ അർജുൻ മോഹൻ ഫ്ലാഗ് ഓഫ് ചെയ്തു. കവരത്തി ഗാന്ധി സ്ക്വയറിൽ നിന്നാരംഭിച്ച തിരംഗ സൈക്കിൾ റാലി ഡപ്യൂട്ടി കലക്ടർ പിയുഷ് മൊഹൻന്തി ഫ്ലാഗ് ഓഫ് ചെയ്തു.

=========================================

**ഹർ ഘർ തിരംഗ" - കൊല്ലം**

ഹർ ഘർ തിരംഗ" പ്രചാരണം ലക്ഷ്യമിട്ട് കൊല്ലത്ത്, ബി.ജെ.പി. യുടെയും യുവമോർച്ചയുടെയും നേതൃത്വത്തിൽ തിരംഗയാത്ര നടത്തി. സ്ത്രീകളും, കുട്ടികളും ഉൾപ്പെടെ നിരവധിപ്പേർ ദേശീയപതാകയേന്തി ഇരുചക്രവാഹന റാലിയിൽ അണിചേർന്നു.

=========================================

**ധനമന്ത്രി - കൊല്ലം**

സംസ്ഥാനത്തെ ആരോഗ്യമേഖല രാജ്യത്തിന് മാതൃകയാകുന്ന തരത്തിലുള്ള നേട്ടം കൈവരിക്കുകയാണെന്ന് മന്ത്രി കെ എൻ ബാലഗോപാൽ. കൊല്ലം കുളക്കട സർക്കാർ ഹോമിയോ ഡിസ്പെൻസറി മാതൃകാ സ്ഥാപനമായി പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. ഹോമിയോ ആശുപത്രികൾ സംസ്ഥാനത്തിന്റെ

RNU TVPM

ആരോഗ്യമേഖലയിൽ പ്രാധാന്യമർഹിക്കുന്നവയാണെന്ന് അദ്ദേഹം പറഞ്ഞു.

========================================

**<u>കുടിവെള്ളം-തിരുവനന്തപുരം</u>**

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി പ്രധാന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. രണ്ടാഴ്ചക്കുള്ളിൽ ശുദ്ധജല വിതരണം സുഗമമാക്കുമെന്ന് ജല അതോറിറ്റി അറിയിച്ചു. കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട അടുത്ത അവലോകന യോഗം ഈ മാസം 16-ന് ചേരും.

========================================

**<u>തദ്ദേശ അദാലത്ത്</u>**

BIJU TVPM

സംസ്ഥാന സർക്കാരിന്റെ മൂന്നാം വാർഷികത്തിന്റെ ഭാഗമായി മന്ത്രി എം ബി രാജേഷിന്റെ നേതൃത്വത്തിലുള്ള തദ്ദേശ അദാലത്ത് സെപ്റ്റംബർ രണ്ടിന് കണ്ണൂർ ജില്ലയിൽ നടക്കും. തദ്ദേശസ്ഥാപനങ്ങളിൽ അപേക്ഷ നൽകിയതും എന്നാൽ സമയപരിധിക്കകം സേവനം ലഭിക്കാത്തതുമായ വിഷയങ്ങളിലുള്ള പരാതികൾ എന്നിവയാണ് അദാലത്തിൽ പരിഗണിക്കുന്നത്.

========================================

========================================

========================================